III. ഇ.ബി. XII-3- കേരള നിയമസഭ/ III-1.

# പന്ത്രണ്ടാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

**2006 ഡിസംബർ 27, ബുധൻ**

പന്ത്രണ്ടാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം 2006 ഡിസംബർ മാസം 27–ാം തീയതി ബുധനാഴ്ച രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ ആരംഭിച്ചു.

I. അടിയന്തിരപ്രമേയ നോട്ടീസ്

പരിയാരം മെഡിക്കൽ കോളേജിൽ നിലവിലുണ്ടായിരുന്ന ഭരണസമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയതുമൂലം മെഡിക്കൽ കോളേജിന്റെ ഭരണത്തിൽ സംജാതമായിട്ടുള്ള ഗുരുതരമായ പ്രതിസന്ധിയെക്കുറിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ.കെ. സുധാകരൻ നൽകിയ അടിയന്തിരപ്രമേയ നോട്ടീസിന് ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രിയും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയും നൽകിയ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻചാണ്ടി, ശ്രീ. കെ.എം. മാണി, ശ്രീ. സി.ടി. അഹമ്മദ് അലി എന്നിവർ പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷാംഗങ്ങൾ

ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരാവുകയും ചെയ്തു.

II. ശ്രദ്ധ ക്ഷണിക്കൽ

(1) കൊച്ചി നഗരത്തിലെ മാലിന്യ നിർമ്മാർജ്ജന പ്രക്രിയയിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന പ്രശ്നങ്ങളിലേയ്ക്ക് പ്രൊഫ.കെ.വി. തോമസ് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽക്കുകയും ചെയ്തു.

(2) കൊലപാതകങ്ങളും അക്രമങ്ങളും നടത്തി സംസ്ഥാനത്തെ ക്രമസമാധാനം തകർക്കുന്നതിന് ചില സംഘടനകൾ നടത്തുന്നതായി പറയപ്പെടുന്ന ആസൂത്രിതനീക്കങ്ങൾ കർശനമായി തടയുന്നതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ.ബി.ഡി. ദേവസ്സി ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

III. പ്രത്യേക പരാമർശം

തൃശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലും ദേശമംഗലത്തെ തലശ്ശേരി, വടക്കാഞ്ചേരി എന്നിവിടങ്ങളിലും കഴിഞ്ഞ ഏതാനും ദിവസങ്ങളായി ഇടവിട്ടിടവിട്ട് ഉണ്ടായിക്കൊണ്ടിരുക്കുന്ന ഭൂചനംമൂലം ജനങ്ങൾക്കിടയിലുണ്ടായിട്ടുള്ള ഭീതിപൂർവ്വമായ അന്തരീക്ഷം ദൂരീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, എ.സി. മൊയ്തീൻ, സി.പി. മുഹമ്മദ് എന്നീ അംഗങ്ങൾ നടത്തിയ പ്രത്യേക പരാമർശത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും മറുപടി നൽകി.

IV. മേശപ്പുറത്ത് വച്ച കടലാസ്സുകൾ:

കാര്യവിവരപ്പട്ടികയിലെ രണ്ടാമത്തെ ഇനമനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

V. ക്രമപ്രശ്നം

2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബില്ലും അതു സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ടും സഭയിൽ അവതരിപ്പിക്കുന്നതിനു മുമ്പ് ഭേദഗതി നോട്ടീസ് അംഗങ്ങൾ നിയമസഭാ സെക്രട്ടേറിയറ്റിലേയ്ക്ക് അയച്ചുകൊടുക്കുന്നതിനുള്ള സമയപരിധി 27-12-2006 വൈകുന്നേരം 5 മണിവരെയായിരിക്കുമെന്ന് കാണിച്ചുകൊണ്ട് നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും 2006 ഡിസംബർ 21-ാം തീയതി 115-ാം നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള ബുള്ളറ്റിൻ നിയമവിരുദ്ധവും നിയമസഭാ നടപടിച്ചട്ടങ്ങളുടേയും കാര്യോപദേശക സമിതിയുടെ അധികാരത്തിൻമേലും ഉള്ള ലംഘനവും സാമാജികരുടെ അവകാശത്തിൻമേലുള്ള കടന്നുകയറ്റവും ആയതിനാൽ അംഗങ്ങൾക്ക് നൽകിയിട്ടുള്ള സമയപരിധി ദീർഘിപ്പിക്കണമെന്നും ഇക്കാര്യത്തിൽ ചെയറിന്റെ റൂളിംഗ് ഉണ്ടാകണ മെന്നും ആവശ്യപ്പെട്ട് ശ്രീ.കെ.എം. മാണി ക്രമപ്രശ്നം ഉന്നയിച്ചു. 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ പാസ്സാക്കുന്നതിനുവേണ്ടി ചേർന്നിട്ടുള്ള പ്രത്യേക നിയമസഭാ സമ്മേളനമായതിനാൽ സമയക്കുറവ് അനുഭവപ്പെട്ടിട്ടുണ്ടെന്നും ബില്ലിനുള്ള ഭേദഗതി നോട്ടീസ് അംഗങ്ങൾ നിയമസഭാ സെക്രട്ടേറിയറ്റിന് നൽകുന്നതിനുള്ള സമയപരിധി 27-12-2006-ന് രാത്രി 8 മണിവരെ ദീർഘിപ്പിച്ചിട്ടുണ്ടെന്നും ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇതുസംബന്ധിച്ച്

വിശദീകരണം നൽകി. കാർഷിക കടങ്ങൾക്ക് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്ന മോറട്ടോറിയത്തിന്റെ കാലാവധി 2006 ഡിസംബർ 31–ാം തീയതി അവസാനിക്കുന്നതിനുമുമ്പ് കർഷക കടാശ്വാസ ബിൽ നിയമസഭ പാസ്സാക്കേണ്ടതുള്ളതുകൊണ്ടാണ് ഗവൺമെന്റ് അല്പം ധൃതി കാണിച്ച് പ്രത്യേക സമ്മേളനം വിളിച്ചുചേർത്തിട്ടുള്ളതെന്നും അതിന് പ്രതിപക്ഷത്തിന്റെ എല്ലാവിധ സഹകരണവും ഉണ്ടാകണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയും വിശദമാക്കി.

VI. റിപ്പോർട്ട് സമർപ്പണം:

2006–ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.

VII. അനുമോദനം:

സുപ്രീംകോടതി ചീഫ് ജസ്റ്റീസായി നിയമിതനായ ശ്രീ. ജസ്റ്റീസ് കെ.ജി. ബാലകൃഷ്ണനെയും ദക്ഷിണാഫ്രിക്കയ്ക്ക് എതിരെയുള്ള ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിൽ ഇൻഡ്യൻ ക്രിക്കറ്റ് ടീമിലെ മാൻ ഓഫ് ദി മാച്ച് ആയി തെരഞ്ഞെടുക്കപ്പെട്ട മലയാളി ക്രിക്കറ്റ് താരം ശ്രീ. എസ്. ശ്രീശാന്തിനേയും അഭിനന്ദിച്ചുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തി.

VIII. നിയമനിർമ്മാണ കാര്യം:

**(1) 2006–ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ.**

2006–ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബില്ലും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം

വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസ് മേശപ്പുറത്തു വച്ചു.

2006–ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V–ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി അവതരിപ്പിച്ചു. കൃഷി വകുപ്പുമന്ത്രി ശ്രീ. മുല്ലക്കര രത്നാകരൻ പ്രമേയത്തെ പിന്താങ്ങി.

2006–ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. കെ.സി. വേണുഗോപാൽ സംസാരിച്ചു. ശ്രീ. ആര്യാടൻ മുഹമ്മദ് നിരാകരണ പ്രമേയത്തെ പിന്താങ്ങി സംസാരിച്ചു.

പ്രസ്തുത ബിൽ 1–3–2007–വരെ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ.ജോർജ്ജ് എം. തോമസ്സും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചു കൊണ്ട് ശ്രീ. ബി. ബാബു പ്രസാദും സംസാരിച്ചു.

ചർച്ചയ്ക്ക് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി മറുപടി പറഞ്ഞു.

നിരാകരണ പ്രമേയം സഭ നിരാകരിക്കുകയും ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയും ചെയ്തു.

2006–ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V–ാം നമ്പർ സബ്ജക്ട്

കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(2) 2006–ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ബിൽ

2006–ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ബില്ലും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. എസ്. ശർമ്മ മേശപ്പുറത്തു വച്ചു.

2006–ലെ കേരള മൽസ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി അവതരിപ്പിച്ചു. റവന്യൂ വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങി..

2006–ലെ കേരള മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ബിൽ സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ സംസാരിച്ചു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രമേയത്തെ പിന്താങ്ങി സംസാരിച്ചു.

2006–ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ബിൽ പൊതുജനാഭിപ്രായം

ആരായുന്നതിനായി 1–3–2007–വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. പി.വിശ്വനും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണിയും അവതരിപ്പിച്ചു. ഭേദഗതിയെ പിന്താങ്ങി ശ്രീ. കെ.വി. അബ്ദുൾ ഖാദറും ശ്രീ.ടി.എൻ. പ്രതാപനും സംസാരിച്ചു.

ബില്ലിന്മേലുള്ള ചർച്ചയ്ക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി മറുപടി പറഞ്ഞു.

നിരാകരണ പ്രമേയം സഭ നിരാകരിക്കുകയും ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയും ചെയ്തു.

2006–ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കുകയും ചെയ്തു.

IX. ഗവൺമെന്റ് പ്രമേയം:

“ഇറാക്ക് മുൻ പ്രസിഡന്റ് സദ്ദാം ഹുസൈനെ തൂക്കിലേറ്റി കൊല ചെയ്യാനുള്ള വിചാരണ കോടതി വിധി അപ്പീൽ കോടതി ശരിവച്ചിരിക്കുകയാണ്. സാമ്രാജ്യത്വ അധിനിവേശ സൃഷ്ടിയായ കോടതിയുടെ വിചാരണ പ്രഹസനത്തിനൊടുവിൽ വിധിച്ച വധശിക്ഷ നടപ്പാക്കരുതെന്ന് പ്രമുഖ നിയമജ്ഞരും നിരവധി ലോക നേതാക്കളും

അഭ്യർത്ഥിച്ചിട്ടും അവയെല്ലാം അവഗണിച്ചുകൊണ്ടാണ് അപ്പീൽ കോടതി വധശിക്ഷ ശരിവെച്ചത്.

സാമ്രാജ്യത്വ താല്പര്യപ്രകാരമുള്ള ഈ നടപടി ഇറാഖിൽ സംഘർഷവും വംശീയ കലാപവും രൂക്ഷമാക്കാനാണ് ഇടവരുത്തുക എന്ന് കഴിഞ്ഞ ദിവസങ്ങളിലെ സംഭവങ്ങൾ തന്നെ വ്യക്തമാക്കുന്നുണ്ട്. ഒരു സ്വതന്ത്ര പരമാധികാര രാജ്യത്തെ കടന്നാക്രമിച്ച് പതിനായിരക്കണക്കിന് നിരപരാധികളെ, സ്ത്രീകളെയും കുട്ടികളെയുമടക്കം കൂട്ടകശാപ്പ് നടത്തിയ ദുഷ്ട ശക്തികൾ പടച്ചുണ്ടാക്കിയ വിചാരണക്കോടതിയാണ് ഈ വിധി പ്രസ്താവിച്ചതെന്നത് അങ്ങേയറ്റം അപലപനീയമാണ്. സ്വതന്ത്ര രാഷ്ട്രങ്ങളുടെ പരമാധികാരവും ലോക സമാധാനവും ആഗ്രഹിക്കുന്ന മുഴുവൻ രാഷ്ട്രങ്ങളും ജനങ്ങളും ഈ കിരാത നടപടിയെ അപലപിക്കുമെന്ന് ഉറപ്പുണ്ട്.

സദ്ദാം ഹുസൈനെ തൂക്കിലേറ്റണമെന്ന വിധി നടപ്പാക്കരുതെന്നും അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കണമെന്നും ഈ സഭ ആവശ്യപ്പെടുന്നു. അതിനായി ആവശ്യമായ സമ്മർദ്ദം ചെലുത്താൻ ഇൻഡ്യാ ഗവൺമെന്റ് തയ്യാറാകണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ഐക്യകണ്ഠേന അഭ്യർത്ഥിക്കുന്നു." എന്ന പ്രമേയം "നിരവധി ലോക നേതാക്കൾ" എന്നതിനുമുമ്പ് "ഇൻഡ്യ ഉൾപ്പെടെയുള്ള" എന്ന ശ്രീ. ആര്യാടൻ മുഹമ്മദിന്റെ ഭേദഗതിയോടു കൂടി സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

2006 ഡിസംബർ 28-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.30-ന് പിരിഞ്ഞു.